# 2016-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (സാധൂകരണം) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും

211/2017.

<u>ഉള്ളടക്കം</u>


| | | |
|---|---|---|
| | | *പേജ്* |
| ഘടന | .. | v |
| റിപ്പോർട്ട് | .. | vii |
| വിയോജനക്കുറിപ്പ് | .. | ix |
| സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള ബിൽ | .. | 1 |

# സബ്ജക്ട് കമ്മിറ്റി V

## (2016-2018)

## (മരാമത്തും ഗതാഗതവും വാർത്താവിനിമയവും)

**ഘടന**

<u>ചെയർമാൻ</u> :

ശ്രീ. ജി. സുധാകരൻ,
പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി.

<u>എക്സ്-ഒഫീഷ്യോ അംഗങ്ങൾ</u> :

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി,
തുറമുഖവും മ്യൂസിയവും പുരാവസ്തുസംരക്ഷണവും വകുപ്പുമന്ത്രി

ശ്രീ. എ. കെ. ശശീന്ദ്രൻ,
ഗതാഗത വകുപ്പുമന്ത്രി.

<u>അംഗങ്ങൾ</u> :

ശ്രീ. കെ. വി. അബ്ദുൾ ഖാദർ
,, വി. അബ്ദുറഹിമാൻ
,, ജോൺ ഫെർണാണ്ടസ്
,, കെ. മുരളീധരൻ
,, ഒ. രാജഗോപാൽ
,, എൻ. ഷംസുദ്ദീൻ
,, വി. ആർ. സുനിൽ കുമാർ
,, സി. എഫ്. തോമസ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി
ശ്രീമതി എ. ഷൈല, ജോയിന്റ് സെക്രട്ടറി
,, രമാദേവി അമ്മ. എസ്, ഡെപ്യൂട്ടി സെക്രട്ടറി
ശ്രീ. കെ. വിജയകുമാർ, അണ്ടർ സെക്രട്ടറി.

## 2016-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (സാധൂകരണം) ബിൽ

### സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V-ന്റെ പരിഗണനയ്ക്കായി അയച്ച 2016-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (സാധൂകരണം) ബിൽ (ബിൽ നമ്പർ 29), കമ്മിറ്റി പരിഗണിച്ചതനുസരിച്ചുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും അതിനോടനുബന്ധമായി ചേർത്തിട്ടുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും സമർപ്പിക്കുന്നു.

(2) 2016-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (സാധൂകരണം) ബിൽ 2016 ഒക്ടോബർ 20-ാം തീയതി ഒരു അസാധാരണ ഗസറ്റായി പ്രസിദ്ധീകരിച്ചു. ഈ ബിൽ 2017 മാർച്ച് 2-ാം തീയതി സഭയിൽ അവതരിപ്പിക്കുകയും അന്നേദിവസം തന്നെ സഭ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

(3) 2017 മാർച്ച് 7-ാം തീയതി സഭാ സമ്മേളനത്തിനുശേഷം സമിതി യോഗം ചേർന്ന് പ്രസ്തുത ബിൽ ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു:

1. പീഠികയിലെ 2-ാം ഖണ്ഡികയിൽ "അറുപത്തിയേഴാം" എന്ന വാക്കിനുപകരം "അറുപത്തിയെട്ടാം" എന്ന വാക്ക് ചേർക്കുക.
2. 1-ാം ഖണ്ഡത്തിലെ (1)-ാം ഉപഖണ്ഡത്തിൽ "2016" എന്ന അക്കങ്ങൾക്ക് പകരം "2017" എന്ന അക്കങ്ങൾ ചേർക്കുക.
3. 2-ാം ഖണ്ഡത്തിലെ പ്രാരംഭ വാചകത്തിൽ "മോട്ടോർ വാഹനങ്ങളിന്മേൽ നിർണ്ണയിച്ചതോ ചുമത്തിയതോ പിരിച്ചെടുത്തതോ പ്രസ്തുത ആക്ടിലെ വ്യവസ്ഥകൾ പ്രകാരമാണെന്ന് കരുതിക്കൊണ്ട്" എന്നീ വാക്കുകൾക്ക് പകരം "പ്രസ്തുത ആക്ടിലെ 2-ാം വകുപ്പ് (ഇ) ഖണ്ഡപ്രകാരം മോട്ടോർ വാഹനങ്ങളിന്മേൽ നിർണ്ണയിച്ചതോ ചുമത്തിയതോ പിരിച്ചെടുത്തതോ പ്രസ്തുത ഖണ്ഡപ്രകാരമാണെന്ന് കരുതിക്കൊണ്ട്" എന്നീ വാക്കുകൾ ചേർക്കുക.

(4) മറ്റ് ഭേദഗതികൾ ആനുഷംഗികമോ ഘടനാപരമോ ആണ്.

(5) വിയോജനക്കുറിപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.

**ജി. സുധാകരൻ,**
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി V.*

തിരുവനന്തപുരം,
2017 മാർച്ച് 7.

## വിയോജനക്കുറിപ്പ്

2016-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (സാധൂകരണം) ബില്ലിലെ വ്യവസ്ഥകൾ നിയമപ്രകാരവും കോടതിവിധികളുടെയും അടിസ്ഥാനത്തിൽ നിലനിൽക്കത്തക്കവയല്ല. മുൻകാല പ്രാബല്യം നൽകി ടാക്സും ഫീസും ഈടാക്കുവാനുള്ള നിയമനിർമ്മാണങ്ങൾ കോടതികൾ തിരസ്കരിച്ച സന്ദർഭം നിലവിലുണ്ട്. അതുകൊണ്ടുതന്നെ നിയമപരമായി നിലനിൽക്കാത്ത ഈ ബില്ലിനോടുള്ള വിയോജിപ്പ് ഞാൻ ഇവിടെ രേഖപ്പെടുത്തുന്നു.

എൻ. ഷംസുദ്ദീൻ, എം.എൽ.എ. (ഒപ്പ്)

211/2017.

# 2016-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (സാധൂകരണം) ബിൽ

(സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ളത്)

[അടിവരയിട്ടത് സബ്ജക്ട് കമ്മിറ്റി നിർദ്ദേശിച്ച ഭേദഗതികളെ സൂചിപ്പിക്കുന്നു]

2007 ഏപ്രിൽ 1-ാം തീയതിയും അന്നുമുതൽ 2014 ജൂലൈ 23-ാം തീയതി വരെയും മോട്ടോർ വാഹന നികുതി ചുമത്തലും പിരിച്ചെടുക്കലുമായി ബന്ധപ്പെട്ട് സർക്കാരോ സർക്കാരിന്റെ ഏതെങ്കിലും ഉദ്യോഗസ്ഥനോ സർക്കാരിന്റെ കീഴിലുള്ള ഏതെങ്കിലും അധികാരസ്ഥാനമോ ചെയ്തതോ എടുത്തതോ ആയ എല്ലാ പ്രവൃത്തികളും നടപടികളും അല്ലെങ്കിൽ കാര്യങ്ങളും സാധൂകരിക്കുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—2007 ഏപ്രിൽ 1-ാം തീയതിയും അന്നുമുതൽ 2014 ജൂലൈ 23-ാം തീയതി വരെയും മോട്ടോർ വാഹന നികുതി ചുമത്തലും പിരിച്ചെടുക്കലുമായി ബന്ധപ്പെട്ട് സർക്കാരോ സർക്കാരിന്റെ ഏതെങ്കിലും ഉദ്യോഗസ്ഥനോ സർക്കാരിന്റെ കീഴിലുള്ള ഏതെങ്കിലും അധികാരസ്ഥാനമോ ചെയ്തതോ എടുത്തതോ ആയ എല്ലാ പ്രവൃത്തികളും നടപടികളും അല്ലെങ്കിൽ കാര്യങ്ങളും സാധൂകരിക്കേണ്ടത് ആവശ്യമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയെട്ടാം സംവൽസരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2017-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (സാധൂകരണം) ആക്ട് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. മോട്ടോർ വാഹനങ്ങളിന്മേൽ നികുതി ചുമത്തിയത്, പിരിച്ചെടുത്തത് തുടങ്ങിയവയുടെ സാധൂകരണം.—1976-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ ആക്ടിലോ (1976-ലെ 19) തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ ഏതെങ്കിലും കോടതിയുടെ ഏതെങ്കിലും വിധിന്യായത്തിലോ ഡിക്രിയിലോ ഉത്തരവിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, 2007 ഏപ്രിൽ 1-ാം തീയതിയും അന്നുമുതൽ 2014 ജൂലൈ 23-ാം തീയതി വരെയും ഉള്ള കാലയളവിൽ

പ്രസ്തുത ആക്ടിലെ 2-ാം വകുപ്പ് (ഇ) ഖണ്ഡപ്രകാരം മോട്ടോർ വാഹനങ്ങളിൻമേൽ നിർണ്ണയിച്ചതോ ചുമത്തിയതോ പിരിച്ചെടുത്തതോ പ്രസ്തുത ഖണ്ഡപ്രകാരമാണെന്ന് കരുതിക്കൊണ്ട് നിർണ്ണയിച്ചതോ ചുമത്തിയതോ പിരിച്ചെടുത്തതോ ആയ എല്ലാ നികുതികളും എല്ലാ ആവശ്യങ്ങൾക്കും എല്ലായ്പ്പോഴും സാധുതയോടെ നിർണ്ണയിച്ചിട്ടുള്ളതോ ചുമത്തിയിട്ടുള്ളതോ പിരിച്ചെടുത്തിട്ടുള്ളതോ ആയി കരുതപ്പെടേണ്ടതും, അതനുസരിച്ച്,—

(എ) സർക്കാരോ സർക്കാരിന്റെ ഏതെങ്കിലും ഉദ്യോഗസ്ഥനോ സർക്കാരിന്റെ കീഴിലുള്ള ഏതെങ്കിലും അധികാരസ്ഥാനമോ അങ്ങനെയുള്ള നികുതി നിർണ്ണയിച്ചതും ചുമത്തിയതും പിരിച്ചെടുത്തതും ആയി ബന്ധപ്പെട്ട് ചെയ്തതോ എടുത്തതോ ആയ എല്ലാ പ്രവൃത്തികളും നടപടികളും കാര്യങ്ങളും അങ്ങനെയുള്ള നികുതി നിർണ്ണയിക്കുകയും ചുമത്തുകയും പിരിച്ചെടുക്കുകയും ചെയ്തിട്ടുള്ളത് 2014-ലെ കേരള ധനകാര്യ ആക്ടിന്റെ (2014-ലെ 29) 7-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡപ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രസ്തുത ആക്ട് പ്രകാരമാണെന്നപോലെ എല്ലാ ആവശ്യങ്ങൾക്കും എല്ലായ്പ്പോഴും നിയമാനുസൃതം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതും;

(ബി) അപ്രകാരം ഒടുക്കിയിട്ടുള്ള ഏതെങ്കിലും നികുതി തിരിച്ചു നൽകുന്നതിനായി സർക്കാരിനോ ഏതെങ്കിലും ആളിനോ അധികാരസ്ഥാനത്തിനോ, ഏതുതന്നെയായാലും, എതിരെ ഏതെങ്കിലും കോടതിയിൽ യാതൊരു വ്യവഹാരമോ മറ്റു നടപടിയോ ആരംഭിക്കുകയോ നിലനിർത്തുകയോ തുടരുകയോ ചെയ്യുവാൻ പാടില്ലാത്തതും;

(സി) അപ്രകാരം ഒടുക്കിയിട്ടുള്ള ഏതെങ്കിലും നികുതി തിരിച്ചുനൽകണമെന്ന് നിർദ്ദേശിച്ചുകൊണ്ടുള്ള ഏതെങ്കിലും ഡിക്രിയോ ഉത്തരവോ യാതൊരു കോടതിയും നടപ്പിലാക്കുവാൻപാടില്ലാത്തതും ;
ആകുന്നു.

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2017 മാർച്ച് 7.

വി. കെ. ബാബുപ്രകാശ്,
സെക്രട്ടറി.